**15 -ാം കേരള നിയമസഭ**

**5 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 4510** **19-07-2022 - ൽ മറുപടിയ്ക്ക്**

**വനവൽക്കരണ പരിപാടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ.പി. കെ. ബഷീർ | | ശ്രീ . എ . കെ . ശശീന്ദ്രൻ<br>(വനം-വന്യജീവി വകുപ്പ് മന്ത്രി) | |
| (എ) | ആഗോളതാപനത്തെ ചെറുക്കുന്നതിന് എന്തെല്ലാം പരിപാടികളാണ് സംഘടിപ്പിക്കുന്നതെന്ന് വ്യക്തമാക്കുമോ; | (എ) | ആഗോളതാപനത്തെ ചെറുക്കുന്നതിനും വൃക്ഷാവരണം വർദ്ധിപ്പിക്കുന്നതിനുമായി ഓരോ വർഷവും വൃക്ഷത്തൈകൾ ഉൽപാദിപ്പിച്ച് സ്കൂളുകൾ, കോളേജുകൾ, തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ, സന്നദ്ധസംഘടനകൾ എന്നിവ വഴി നട്ടുപിടിപ്പിക്കുന്നതിനായി വിതരണം ചെയ്തിട്ടുണ്ട്. കൂടാതെ വിദ്യാവനം, നഗരവനം, വൃക്ഷസമൃദ്ധി പദ്ധതി, ഇൻസ്റ്റിറ്റ്യൂഷണൽ പ്ലാന്റിംഗ്, വഴിയോര തണൽ, സ്വകാര്യ ഭൂമിയിൽ വൃക്ഷം നട്ട് വളർത്തുന്നതിന്പ്രോത്സാഹന ധന സഹായം, കാവുകളുടേയും കണ്ടലുകളുടേയും സംരക്ഷണം തുടങ്ങിയ പ്രവർത്തികളും വനം വകുപ്പ് നടപ്പിലാക്കി വരുന്നു. |
| (ബി) | ഇതിന്റെ ഭാഗമായി സാമൂഹ്യ വനവൽക്കരണ പരിപാടി സംഘടിപ്പിച്ചിരുന്നോ; എങ്കിൽ വിശദാംശം ലഭ്യമാക്കുമോ; | (ബി) | 2022-ലെ പരിസ്ഥിതി ദിനത്തോടനുബന്ധിച്ച് നട്ടുപിടിപ്പിക്കുന്നതിനും വിതരണം ചെയ്യുന്നതിനുമായി വനം വകുപ്പ് 14 ജില്ലകളിലായി 12.39 ലക്ഷം വൃക്ഷത്തൈകൾ ഉൽപാദിപ്പിച്ചിരുന്നു. ഇതിൽ 8.23 ലക്ഷം വൃക്ഷത്തൈകൾ ലോക പരിസ്ഥിതി ദിനമായ ജൂൺ 5-ന് നട്ടുപിടിപ്പിക്കുന്നതിനും/ വിതരണം ചെയ്യുന്നതിനുമായി ഉപയോഗിച്ചിട്ടുണ്ട്. ജൂലൈ 1 മുതൽ 7 വരെയുള്ള കാലയളവിൽ വനമഹോത്സവത്തിന്റെ ഭാഗമായി വിവിധ സ്ഥലങ്ങളിൽ തൈകൾ നട്ട് പിടിപ്പിക്കുകയും ടെറിട്ടോറിയൽ വിഭാഗത്തിനും പൊതുജനങ്ങൾക്കും വിതരണം ചെയ്തിട്ടുള്ളതുമാണ്. കൂടാതെ വൃക്ഷസമൃദ്ധി പദ്ധതി പ്രകാരം 43 ലക്ഷം തൈകൾ മഹാത്മാഗാന്ധി ഗ്രാമീണ ദേശീയ തൊഴിലുറപ്പ് പദ്ധതി പ്രകാരം നട്ട് പിടിപ്പിക്കുന്നതിനായി തദ്ദേശസ്വയംഭരണ വകുപ്പ് ഉൽപാദിപ്പിച്ചിട്ടുണ്ട്. ഇതിനാവശ്യമായ വിത്തുകൾ സോഷ്യൽ ഫോറസ്ട്രി വിഭാഗമാണ് പഞ്ചായത്തുകൾക്ക് നൽകിയത്. പരിസ്ഥിതി അവബോധം ജനങ്ങളിൽ |

| | | | |
|---|---|---|---|
| | | | സൃഷ്ടിക്കുന്നതിനായി ബോധവൽക്കരണ ക്ലാസുകൾ ഇതിനോടനുബന്ധിച്ച് സംഘടിപ്പിച്ചിട്ടുണ്ട്. |
| (സി) | ഇത്തരത്തിൽ നടത്തിയ വനവൽക്കരണ പരിപാടിക്കായി 2016 മുതൽ നാളിതുവരെയായി ഓരോ വർഷവും എത്ര രൂപ വീതമാണ് ചെലവിട്ടത്; ജില്ലതിരിച്ച് വിശദാംശം ലഭ്യമാക്കുമോ; | (സി) | വനവൽക്കരണ പരിപാടികൾക്കായി 2016 മുതൽ നാളിതുവരെയുള്ള ചെലവ് സംബന്ധിച്ച വിശദാംശങ്ങൾ അനുബന്ധമായി ചേർക്കുന്നു. |
| (ഡി) | സംസ്ഥാനത്ത് വനവിസ്തൃതി വർദ്ധിപ്പിക്കുന്നതിനായി സ്വീകരിച്ച നടപടികൾ എന്തെല്ലാമാണെന്ന് വെളിപ്പെടുത്തുമോ? | (ഡി) | സംസ്ഥാനത്ത് വനവിസ്തൃതി വർദ്ധിപ്പിക്കുന്നതിനായി വനത്തോട് ചേർന്ന് കിടക്കുന്നതോ, പരിസ്ഥിതി പ്രാധാന്യമുള്ളതോ, ജൈവ വൈവിധ്യ സമ്പുഷ്ടമായതോ ആയ റവന്യൂ തരിശ് ഭൂമികൾ ഏറ്റെടുത്ത് റിസർവ്വ് വനമാക്കുവാൻ നടപടി സ്വീകരിക്കുന്നുണ്ട്. വിവിധ പദ്ധതികൾക്കായി വിട്ടുകൊടുക്കുന്ന വനഭൂമികൾക്ക് പകരമായി റവന്യൂ ഭൂമി ഏറ്റെടുത്ത് വനവൽക്കരണം നടത്തുന്നതിനും ആയത് റിസർവ്വ് വനമായി പ്രഖ്യാപിക്കുന്നതിനും നിഷ്കർഷ പുലർത്തുന്നുണ്ട്. പരിസ്ഥിതി ദുർബല പ്രദേശങ്ങൾ യഥാസമയങ്ങളിൽ കണ്ടെത്തി ആയത് ഇ.എഫ്.എൽ ഭൂമിയായി ഏറ്റെടുക്കുന്നതിനുള്ള നടപടികളും സ്വീകരിച്ചു വരുന്നുണ്ട്. വനത്താൽ ചുറ്റപ്പെട്ട സ്വകാര്യ ഭൂമികളും വനാതിർത്തികളിൽ താമസിക്കുന്നവരുടെ ഭൂമികൾ സ്വയം സന്നദ്ധത പ്രകാരം RKDPപദ്ധതിയിൽ ഉൾപ്പെടുത്തി ഏറ്റെടുത്ത് റിസർവ്വ് വനമാക്കി മാറ്റുന്നതിനുള്ള നടപടികളും സ്വീകരിച്ച് വരുന്നു. കൂടാതെ നിലവിലെ വനവിസ്തൃതി സംരക്ഷിക്കുന്നതിനായി വനാതിർത്തി സർവ്വേ ചെയ്ത് ജണ്ടകൾ സ്ഥാപിച്ചും വനഭൂമി കയ്യേറ്റങ്ങൾ ഒഴിപ്പിക്കുന്നതിനുമുള്ള നിയമാനുസൃത നടപടികളും സ്വീകരിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ

# അനുബന്ധം

| ജില്ല | വർഷം | | തുക (ലക്ഷം) | | | |
|---|---|---|---|---|---|---|
| | **2016-17** | **2017-18** | **2018-19** | **2019-20** | **2020-21** | **2021-22** |
| തിരുവനന്തപുരം | 106.48 | 122.14 | 84.99 | 105.35 | 165.52 | 96.32 |
| കൊല്ലം | 120.96 | 120.93 | 74.97 | 70.52 | 97.25 | 35.00 |
| പത്തനംതിട്ട | 104.00 | 113.50 | 75.00 | 69.34 | 117.50 | 65.30 |
| ആലപ്പുഴ | 126.57 | 125.00 | 80.00 | 65.09 | 72.34 | 56.58 |
| കോട്ടയം | 114.86 | 179.32 | 89.96 | 111.69 | 130.49 | 59.70 |
| ഇടുക്കി | 67.61 | 73.78 | 72.78 | 89.55 | 42.86 | 18.46 |
| എറണാകുളം | 33.47 | 70.05 | 90.60 | 47.62 | 53.29 | 35.96 |
| തൃശ്ശൂർ | 48.18 | 50.20 | 66.15 | 62.65 | 56.36 | 31.13 |
| പാലക്കാട് | 31.66 | 39.85 | 90.28 | 92.26 | 91.78 | 70.75 |
| മലപ്പുറം | 70.65 | 70.38 | 63.50 | 73.39 | 106.20 | 34.42 |
| കോഴിക്കോട് | 43.07 | 49.80 | 58.53 | 70.16 | 49.47 | 10.01 |
| കണ്ണൂർ | 32.34 | 49.45 | 27.03 | 47.63 | 38.02 | 47.50 |
| വയനാട് | 63.41 | 55.09 | 69.95 | 69.99 | 57.75 | 47.37 |
| കാസർഗോഡ് | 66.75 | 34.00 | 68.58 | 62.72 | 73.13 | 84.10 |